നേമം നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ

110 (4692) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നാളിതുവരെ സമർപ്പിക്കപ്പെട്ടിട്ടുള്ള വിവിധ പദ്ധതി പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന്റെ ഇപ്പോഴുള്ള സ്ഥിതിയും പുരോഗതിയും വിശദമാക്കുമോ ?

ഉത്തരം

(എ) നേമം നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന ചെറുകിട കടിവെള്ള പദ്ധതികൾ

111 (4693) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എം.എൽ.എ.-മാർ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്യുന്ന ചെറുകിട കടിവെള്ള പദ്ധതിയുടെ നിർവ്വഹണം കേരള വാട്ടർ അതോറിറ്റിയെ ഏല്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ വീതം വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്തിരുന്ന ആലംകോട് കുന്ന് കടിവെള്ള പദ്ധതി, പാറപ്പുറം, കടിവെള്ള പദ്ധതി എന്നീ പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയതിനെ തുടർന്നുണ്ടായ കാലതാമസത്തെക്കുറിച്ചും പകരം പദ്ധതി നിർവ്വഹണം തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എം.എൽ.എ. നൽകിയ കത്ത് ലഭിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly